I ഇ.ബി. XIII – കേരള നിയമസഭ/II-6

# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2011 ഒക്ടോബർ 3, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**അടിയന്തരപ്രമേയം**

**തടവിൽ കഴിയുന്ന മുൻമന്ത്രി ശ്രീ. ആർ. ബാലകൃഷ്ണപിള്ള ഫോണിൽ ബന്ധപ്പെട്ട സംഭവം**

മി. സ്പീക്കർ: തടവിൽ കഴിയുന്ന മുൻമന്ത്രി ശ്രീ. ആർ. ബാലകൃഷ്ണ പിള്ളയുടെ മാനേജ്മെന്റിലുള്ള വാളകം ആർ.വി.എച്ച്.എസ്.എസ്. അദ്ധ്യാപകൻ ആക്രമിക്കപ്പെട്ട സംഭവത്തിൽ തെളിവ് നശിപ്പിക്കുന്നതിന്റെ ഭാഗമായി ഉന്നത ഭരണകർത്താക്കളുമായി അദ്ദേഹം ഫോണിൽ ബന്ധപ്പെട്ട തായി പറയപ്പെടുന്ന സംഭവത്തെത്തുടർന്ന് ഉണ്ടായിരിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യ പ്പെട്ട് സർവ്വശ്രീ പി.കെ. ഗുരുദാസൻ, വി.എസ്. സുനിൽ കുമാർ, മാത്യു റ്റി. തോമസ്, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): വാളകം രാമവിലാസം വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ അദ്ധ്യാപകനായ ശ്രീ. കൃഷ്ണകുമാർ മാരകമായി പരിക്കേറ്റ നിലയിൽ 27-09-2011 രാത്രി 11.00 മണിയോടെ വാളകം ജംഗ്ഷനിൽ കാണപ്പെടുകയും വിവരമറിഞ്ഞ് സ്ഥലത്തെത്തിയ പോലീസ് അദ്ദേഹത്തെ കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ എത്തിക്കുകയും തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. ശ്രീ. കൃഷ്ണകുമാറിന്റെ ഭാര്യയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ വധശ്രമത്തിന് കേസ് രജിസ്റ്റർ ചെയ്ത് കൊല്ലം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ അന്വേഷണം നടന്നുവരുന്നു. തിരുവനന്തപുരം റെയിഞ്ച് ഐ.ജി. ശ്രീ. പത്മകുമാർ അന്വേഷണത്തിന് മേൽനോട്ടം വഹിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് ശ്രീ. ആർ. ബാലകൃഷ്ണപിള്ള ടെലിഫോണിൽ ഒരു മാധ്യമത്തോട് സംസാരിച്ചതായി വാർത്ത വന്നയുടൻതന്നെ ജയിൽ എ.ഡി.ജി.പി.യെ അന്വേഷണത്തിന് ചുമതലപ്പെടുത്തിയെങ്കിലും പ്രതിപക്ഷനേതാവിന്റെ വിമർശനത്തെത്തുടർന്ന് അദ്ദേഹത്തെ മാറ്റി അന്വേഷണച്ചുമതല ചീഫ് വെൽഫെയർ ഓഫീസർ ശ്രീ. കെ.എ. കുമാരനെ ഏൽപ്പിക്കുകയും മൂന്ന് ദിവസത്തിനകം റിപ്പോർട്ട് തരാൻ ആവശ്യപ്പെടുകയും ചെയ്തിരിക്കുകയാണ്. അനുമതിയില്ലാതെ ജയിലിൽ ഫോൺ ഉപയോഗിക്കുന്നത് ചട്ടലംഘനമായതിനാൽ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃതമായ നടപടി സ്വീകരിക്കും.

ശ്രീ. പി.കെ. ഗുരുദാസൻ: തടവിൽ കഴിയുന്ന ശ്രീ. ആർ. ബാലകൃഷ്ണപിള്ള ജയിൽ നിയമങ്ങളും ചട്ടങ്ങളും ലംഘിച്ച് വാളകം ആർ.വി.

എച്ച്.എസ്.എസ്.-ലെ അദ്ധ്യാപകൻ ശ്രീ. കൃഷ്ണകുമാർ ആക്രമിക്കപ്പെട്ട സംഭവവുമായി ബന്ധപ്പെട്ട് തന്റെ മൊബൈൽ ഫോണിലൂടെ 40 കോളുകൾ വിളിച്ചുവെന്നും മാധ്യമങ്ങളോട് സംസാരിച്ചു എന്നുമാണ് വാർത്ത വന്നിരിക്കുന്നത്. ബഹുമാനപ്പെട്ട ഗവൺമെന്റ് ചീഫ് വിപ്പിനെ കൂടാതെ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ.ബി. ഗണേഷ് കുമാറിനെയും അദ്ദേഹത്തിന്റെ പേഴ്സണൽ സ്റ്റാഫിലെ ഉദ്യോഗസ്ഥരെയും മറ്റ് ഉന്നത ഉദ്യോഗസ്ഥരെയും ഫോണിൽ വിളിച്ചിട്ടുള്ളതായാണ് അറിയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും വിളിച്ചതായി വാർത്ത വന്ന സാഹചര്യത്തിൽ വിളിച്ചിട്ടുണ്ടോ എന്നതിന്റെ സത്യാവസ്ഥ ബോദ്ധ്യപ്പെടുത്തണം. സീനിയോറിറ്റി പ്രകാരം എച്ച്.എം. ആകേണ്ട ശ്രീ. കൃഷ്ണകുമാറിന്റെ ഭാര്യ ഗീതയ്ക്ക് അർഹതപ്പെട്ട പ്രൊമോഷൻ നിഷേധിച്ചപ്പോൾ അവർ കോടതിയിൽ പോയി അനുകൂല വിധി സമ്പാദിച്ചതിൽ മാനേജ്മെന്റിന് അവരോട് ശത്രുതയുണ്ട്. ശ്രീ. കൃഷ്ണകുമാർ ആക്രമിക്കപ്പെട്ട സംഭവത്തിന്റെ ഉത്തരവാദികളെ കണ്ടെത്തേണ്ടത് സമൂഹത്തിന്റെ ആവശ്യവും ഗവൺമെന്റിന്റെ ഉത്തരവാദിത്വവുമാണ്. ശ്രീ. കൃഷ്ണകുമാർ ആക്രമിക്കപ്പെടുന്ന ദിവസം ശ്രീ. ആർ ബാലകൃഷ്ണപിള്ളയുടെ മൊബൈൽ ഫോണിൽ നിന്നും 40 കോളുകൾ പുറത്തേക്ക് പോയിട്ടുണ്ട്. നിയമവിരുദ്ധമായ ഈ നടപടിക്കെതിരെ കർശന നടപടി സ്വീകരിക്കണം. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : ഈ കേസന്വേഷണത്തിന്റെ കാര്യത്തിൽ ഒരലംഭാവവും ഉണ്ടാകില്ല. ദൃക്സാക്ഷികൾ ആരുമില്ലാത്തതും ശ്രീ. കൃഷ്ണകുമാറിന്റെ മൊഴിയിലെ ചില വൈരുദ്ധ്യങ്ങളുമാണ്

പോലീസിനെ ബുദ്ധിമുട്ടിക്കുന്നത്. ഈ കേസിലെ പ്രതികളെ കണ്ടെത്തേണ്ടത് എല്ലാവരുടേയും ആവശ്യമാണ്. ഇതുപോലൊരു സംഭവം ഇനി ഉണ്ടാകാൻ പാടില്ല. പോലീസിന്റെ ഭാഗത്തുനിന്ന് ചെയ്യാൻ കഴിയുന്ന പരമാവധി കാര്യങ്ങൾ ചെയ്തിട്ടുണ്ട്. എല്ലാവിധത്തിലുള്ള അന്വേഷണവും ശക്തിപ്പെടുത്തി മുന്നോട്ടുപോകും. ഈ സംഭവത്തിനുപിന്നിലുള്ള ശക്തികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരുമെന്ന് സഭയ്ക്ക് ഉറപ്പു നൽകുന്നു. തടവിൽ കഴിയുന്നവർ അനുമതിയില്ലാതെ ഫോൺ ഉപയോഗിക്കുന്നത് ജയിൽ ചട്ടങ്ങൾക്ക് വിരുദ്ധമാണ്. ജയിലിൽനിന്ന് ഫോൺ വിളിച്ചിട്ടുണ്ടെങ്കിൽ ഫോൺ വിളിച്ച ആളും അദ്ദേഹത്തെ ആ കുറ്റം ചെയ്യാൻ പ്രേരിപ്പിച്ച മാധ്യമപ്രവർത്തകനും തെറ്റ് ചെയ്തിരിക്കുകയാണ്. പന്ത്രണ്ട് മാസത്തിൽ കവിയാത്ത കാലത്തേക്കുള്ള തടവോ പതിനായിരം രൂപയിൽ കവിയാത്ത തുക പിഴയോ അല്ലെങ്കിൽ ഇവ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടാൻ അയാൾ അർഹനായിരിക്കും. അന്വേഷണത്തിന് നിയോഗിച്ച ഉദ്യോഗസ്ഥനെക്കുറിച്ച് പ്രതിപക്ഷ നേതാവ് മാധ്യമങ്ങളിലൂടെ പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് തൽസ്ഥാനത്ത് മറ്റൊരു ഉദ്യോഗസ്ഥനെ നിയോഗിക്കേണ്ടിവന്നത്. അന്വേഷണ റിപ്പോർട്ട് കിട്ടിയാലുടനെ അതിന്മേൽ നടപടി സ്വീകരിക്കും. ശ്രീ. ആർ. ബാലകൃഷ്ണപിള്ള എന്നെ ഫോണിൽ വിളിക്കുകയോ ഞാൻ സംസാരിക്കുകയോ ചെയ്തിട്ടില്ല. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, കോവൂർ കുഞ്ഞുമോൻ, തോമസ് ചാണ്ടി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ

പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

**(1) വിദേശ മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾ**

ശ്രീ. രമേശ് ചെന്നിത്തല: വിദേശത്ത്, പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ പണിയെടുക്കുന്ന മലയാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കേണ്ടത് കേന്ദ്ര സർക്കാരാണ്. പല ഗൾഫ് രാജ്യങ്ങളിലും രാജഭരണത്തിനെതിരായ പോരാട്ടങ്ങളും സമരങ്ങളും നടക്കുന്നതിനാൽ നാട്ടിലേക്ക് മടങ്ങിവരുന്ന മലയാളികളുടെ സാങ്കേതിക പരിജ്ഞാനം ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു സമഗ്രപുനരധിവാസ പദ്ധതിക്ക് നോർക്ക രൂപം നൽകണം. എയർ ഇന്ത്യ ഉൽസവ സീസണുകളിൽ ക്രമാതീതമായി വർദ്ധിപ്പിക്കുന്ന വിമാന യാത്രാനിരക്ക് കുറയ്ക്കുന്നതിനും 60 വയസ് കഴിഞ്ഞ പ്രവാസികൾക്ക് പെൻഷനും നിയമസഹായവും ലഭ്യമാക്കുന്നതിനും വിദേശത്ത് ജയിലുകളിൽ കഴിയുന്ന നിരപരാധികളായവർക്ക് നിയമസഹായം ലഭ്യമാക്കുന്നതിനും എംബസികളിൽ മലയാളികളായ ഓഫീസർമാരെ കൂടുതൽ നിയമിച്ച് ഹെൽപ്പ് ഡെസ്ക്ക് ഏർപ്പെടുത്തുന്നതിനും കേന്ദ്ര ഗവണ്മെന്റുമായി ചർച്ച ചെയ്ത് നടപടികൾ സ്വീകരിക്കണം. പ്രവാസികൾക്ക് വോട്ടവകാശം ലഭിച്ചെങ്കിലും വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിൽ ചില അവ്യക്തതകൾ നിലനിൽക്കുന്നതിനാൽ വലിയൊരു വിഭാഗത്തിന് വോട്ടേഴ്സ് ലിസ്റ്റിൽ ഉൾപ്പെടാൻ കഴിയാത്തതിന് പരിഹാരം കാണണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : വിദേശ രാജ്യങ്ങളിൽ ശിക്ഷിക്കപ്പെട്ട് ജയിലുകളിൽ കഴിയുന്ന മലയാളികളുടെയും വീട്ടുജോലികൾക്കായി

വിദേശങ്ങളിൽ പോയവരുടെയും പരാതികൾ എംബസികളുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് അവരെ മോചിപ്പിച്ച് തിരിച്ചുകൊണ്ടുവരുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. ലേബർ നിയമങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിന് റിക്രൂട്ടിംഗ് ഏജൻസിയായ നോർക്ക റൂട്ട്സിന്റെ കീഴിൽ "ജോബ് പോർട്ടൽ" പ്രവർത്തനം ആരംഭിച്ചു. വിദേശ രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന മലയാളി സംഘടനകൾക്ക് അംഗീകാരം നൽകുന്നതിനും തിരിച്ചറിയൽ കാർഡ് നൽകുന്നതിനും നോർക്ക റൂട്ട്സ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. തിരിച്ചറിയൽ കാർഡ് ഉള്ളവർക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ അംഗവൈകല്യം സംഭവിച്ചവർക്ക് രണ്ട് ലക്ഷം രൂപയും ഭാഗികമായി അംഗവൈകല്യം സംഭവിച്ചവർക്ക് ഒരു ലക്ഷം രൂപവരെയും നൽകാൻ തീരുമാനിച്ചിട്ടുണ്ട്. സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം നടത്തിവരുന്നുണ്ട്. തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവരുന്നവരെ പുനരധിവസിപ്പിക്കാൻ കേന്ദ്ര ഗവൺമെന്റിന്റെയും ധനകാര്യ സ്ഥാപനങ്ങളുടെയും സഹായത്തോടെ ഒരു പുനരധിവാസ പാക്കേജിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. വിമാനയാത്രാ നിരക്കിൽ എയർ ഇന്ത്യയുടെ സമീപനം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 60 വയസ്സിന് മുകളിലുള്ളവർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്. ജയിലിൽ കഴിയുന്നവരെ തിരിച്ചുകൊണ്ടുവരാൻ ആവശ്യമായ നിയമ സഹായം നൽകാൻ നടപടി സ്വീകരിക്കുകയും അപകടങ്ങളിൽ മരിക്കുന്നവരുടെ മൃതശരീരം നാട്ടിലെത്തിക്കുന്നതിനുവേണ്ടി കാരുണ്യം പദ്ധതിക്ക് രൂപം നൽകുകയും ചെയ്തിട്ടുണ്ട്. പ്രവാസി മലയാളി സംഗമം തിരുവനന്തപുരത്ത് വച്ച് ഡിസംബർ 29, 30 തീയതികളിൽ നടത്താനും

അതിനുശേഷം ഗൾഫിൽവെച്ച് വിദേശ മലയാളി സംഘടനകളുടെ ഒരു യോഗം വിളിച്ചുകൂട്ടാനും തീരുമാനിച്ചിട്ടുണ്ട്. ഈ രണ്ട് യോഗങ്ങളും "എമർജിംഗ് കേരള 2012" - ന്റെ മുന്നൊരുക്കങ്ങളുടെ ഭാഗമാണ്. വിദേശത്തുള്ളവർക്ക് പങ്കാളികളാകുവാൻ ഈ രണ്ട് യോഗങ്ങളും സഹായിക്കും. കുട്ടികളെ മലയാളം പഠിപ്പിക്കുന്നതിന് ഡൽഹിയിലുള്ള മലയാളി സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ട്. പ്രവാസികളിൽ വളരെ കുറച്ചുപേരാണ് വോട്ടവകാശം വിനിയോഗിച്ചത്. വോട്ടേഴ്സ് ലിസ്റ്റിൽ പേര് ചേർക്കാനുള്ള നിബന്ധനകൾ ലഘൂകരിക്കാൻ മലയാളി സംഘനകളുടെകൂടി നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ട് തീരുമാനത്തിലെത്തുന്നതാണ്.

(2) <u>പുതിയ റെയിൽവേ ലൈനുകളുടെ നിർമ്മാണവും പാത ഇരട്ടിപ്പിക്കലും</u>

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : സംസ്ഥാനത്തിന് നഞ്ചൻകോട്-നിലമ്പൂർ റെയിൽവേ ലൈനും തലശ്ശേരി - മൈസൂർ റെയിൽവേ ലൈനും അനുവദിക്കുന്ന കാര്യത്തിൽ നിഷേധാത്മകമായ നിലപാടാണ് കേന്ദ്ര റെയിൽവേ മന്ത്രാലയം സ്വീകരിച്ചിരിക്കുന്നത്. ഈ ലൈൻ വന്നാൽ ബാംഗ്ലൂരിലേക്കും മൈസൂറിലേക്കും യാത്രാദൈർഘ്യം കുറയുകയും കണ്ണൂർ എയർപോർട്ടുമായി കണക്ട് ചെയ്തുകൊണ്ടുള്ള ഒരു റെയിൽവേ ലൈനായി തലശ്ശേരി - മൈസൂർ ലൈൻ മാറ്റുകയും അതുവഴി ടൂറിസം വികസനത്തിന് സഹായകരമാകുകയും ചെയ്യും. സംസ്ഥാനത്തിനുവേണ്ടി ഡബിൾ ലൈനുകളും പുതിയ ട്രെയിനുകളും വൈദ്യുതീകരണവും പ്രഖ്യാപിച്ചെങ്കിലും ഒരു പദ്ധതിയും നടപ്പിലാക്കുന്നില്ല. സാമ്പത്തിക ബാധ്യത കാരണം വിമാന സർവ്വീസ് സാധാരണക്കാർക്ക് താങ്ങാനാകാത്തതിനാലും യാത്രയ്ക്കായി കേരളത്തിലെ ജനങ്ങൾ കൂടുതലായി ആശ്രയിക്കുന്നത്

റെയിൽവേയെയാണെന്നുള്ളതുകൊണ്ടും റെയിൽവേ വികസനത്തിന് പ്രാധാന്യം നൽകണം. കേന്ദ്ര റെയിൽവേ മന്ത്രിയുടെ നേതൃത്വത്തിൽ 41 അംഗ സംഘം കേരളത്തിൽ വന്ന് ചർച്ച നടത്തിയശേഷം 75 ലക്ഷം രൂപ മാത്രം പ്രഖ്യാപിച്ചത് കേരളത്തോടുള്ള അവഗണനയാണ്. ഇന്നത്തെ അനുകൂല സാഹചര്യം പ്രയോജനപ്പെടുത്തി തലശ്ശേരി-മൈസൂർ, നിലമ്പൂർ-നഞ്ചൻകോട് റെയിൽവേ ലൈനുകൾ പൂർത്തിയാക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്തണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): 19-09-2011-ന് കേന്ദ്ര-സംസ്ഥാന മന്ത്രിമാരും എം.പി.മാരും മെമ്പർമാരും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പങ്കെടുത്ത റെയിൽവേ സംബന്ധിച്ച കോൺഫറൻസിൽ കേരളത്തിന്റെ വികാരം പ്രകടിപ്പിച്ചിട്ടുണ്ട്. തലശ്ശേരി-മൈസൂർ, നിലമ്പൂർ-നഞ്ചൻകോട് റെയിൽവേ ലൈനുകളുടെ പ്രാധാന്യം അവരെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. കൊല്ലങ്കോട്-തൃശ്ശൂർ, കാഞ്ഞങ്ങാട്-പണത്തൂർ-കണിയൂർ, ശബരി-ചെങ്ങന്നൂർ, ബേപ്പൂർ-കോഴിക്കോട് ലൈനുകളുടെ സർവ്വേകൾ ഈ വർഷംതന്നെ പൂർത്തീകരിച്ച് പ്രയോറിട്ടി അനുസരിച്ച് പ്രവർത്തനം നടത്തുമെന്നും കർണ്ണാടകയുടെയും കേരളത്തിന്റെയും സാമ്പത്തിക സഹായം ലഭ്യമാക്കി സർവ്വേ പൂർത്തീകരിച്ച നിലമ്പൂർ-നഞ്ചൻകോട് ലൈനിന്റെ പണി അതിവേഗം പൂർത്തിയാക്കാൻ സാധിക്കുമെന്നുമാണ് കോൺഫറൻസിൽ കേന്ദ്രമന്ത്രി അറിയിച്ചിട്ടുള്ളത്. കായംകുളം-ഹരിപ്പാട് ലൈൻ 2011 ഒക്ടോബറിൽ കമ്മീഷൻ ചെയ്യുമെന്നും ഹരിപ്പാട്-അമ്പലപ്പുഴ ലൈനിന്റെയും മംഗലാപുരം-ഷൊർണ്ണൂർ ഇരട്ടിപ്പിക്കലിന്റെയും പണി 2012-ൽ പൂർത്തിയാക്കുമെന്നും കോൺഫറൻസിൽ അറിയിച്ചിട്ടുണ്ട്.

മുളന്തുരുത്തി-പിറവം ലൈനിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു. ആലപ്പുഴ-ചെങ്ങന്നൂർ-പിറവം ഭാഗത്തെ ഭൂമി ഏറ്റെടുക്കൽ നടപടി ധൃതഗതിയിൽ നടന്നുവരികയാണ്. ഭൂമി ഏറ്റെടുക്കൽ നടപടി യഥാസമയം പൂർത്തീകരിക്കാൻ വേണ്ടത്ര തുക പ്രൊവൈഡ് ചെയ്യാൻ റെയിൽവേക്ക് കഴിയുന്നില്ല. ആലപ്പുഴ ഡബിളിംഗിന്റെ പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണ്. ഷൊർണ്ണൂർ മുതൽ മംഗലാപുരം വരെയുള്ള ഇലക്ട്രിഫിക്കേഷൻ 2012-ഓടുകൂടി പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിച്ചിട്ടുണ്ട്. തിരുവനന്തപുരം - കന്യാകുമാരി ഇലക്ട്രിഫിക്കേഷൻ മാസങ്ങൾക്കുള്ളിൽ പൂർത്തിയാക്കുന്നതാണ്. സാമ്പത്തിക പരിധിക്കകത്തുനിന്നുകൊണ്ട് ചെയ്യാൻ സാധിക്കുന്ന കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഭൂമി ഏറ്റെടുക്കാനുള്ള എല്ലാ നടപടികളും കൈക്കൊള്ളുന്നതാണ്.

**സബ്മിഷൻ**

**(1) ആദിവാസി സ്ത്രീകളുടെ കച്ച അഴിച്ചുമാറ്റിയതുസംബന്ധിച്ച്**

ശ്രീമതി കെ.എസ്. സലീഖ: വയനാട്, കൽപ്പറ്റയിൽ ആദിവാസി സ്ത്രീകളുടെ കച്ച അഴിച്ചുമാറ്റിയ പോലീസുകാർക്കെതിരെ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): വയനാട്ടിൽ മന്ത്രിമാരുൾപ്പെടെ പങ്കെടുത്ത യോഗത്തിൽ മൂന്ന് ആദിവാസി സ്ത്രീകൾ അവരുടെ വസ്ത്രത്തിന് പുറത്ത് കറുത്ത തുണി കെട്ടിയിരുന്നത് വനിതാ പോലീസ് ആവശ്യപ്പെട്ടതനുസരിച്ച് അവർ സ്വയം അഴിച്ചുമാറ്റിയതാണ്. ആരേയും അപമാനിച്ചിട്ടില്ല. ഇതുസംബന്ധിച്ച് ഒരു പ്രശ്നവും അവിടെ ഉണ്ടായിട്ടില്ല.

## (2) കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്

ശ്രീ. മോൻസ് ജോസഫ്: കടുത്തുരുത്തി, പെരുവ കേന്ദ്രമായി കെ.എസ്.ഇ.ബി.യുടെ പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനും സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്ന തിനും നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നതിന് നൂറ് സ്ക്വയർ കിലോ മീറ്ററിൽ കൂടുതൽ വിസ്തൃതിയും ഇരുപത്തയ്യായിരത്തിൽ കൂടുതൽ കൺസ്യൂമേഴ്സും വേണമെന്ന നിബന്ധന പൂർത്തിയാക്കാത്തതുകൊണ്ടാണ് കടുത്തുരുത്തി - പെരുവ കേന്ദ്രമായി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കാൻ കഴിയാത്തത്. ഇപ്പോൾ കൺസ്യൂമേഴ്സിന്റെ എണ്ണം കൂടിയിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതാണ്. 2012 ഏപ്രിൽ മാസത്തോടു കൂടി സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പൂർത്തീകരിക്കാൻ സാധിക്കും.

## (3) റോഡ് പുറമ്പോക്കിൽ ഔഷധസസ്യങ്ങൾ വച്ചുപിടിപ്പിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. സി.പി.മുഹമ്മദ് : ഔഷധ സസ്യങ്ങളുടെ ലഭ്യതക്കുറവ് പരിഹരി ക്കുന്നതിനായി വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ റോഡ് പുറമ്പോക്കു കളിൽ ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ) : സാമൂഹ്യ വനവത്ക്കരണത്തിന്റെ ഭാഗമായി മരാമത്ത്, തദ്ദേശ ഭരണ വകുപ്പുകളുടെ സഹായത്തോടെ റോഡ് പുറമ്പോക്കുകളിലും വഴിയോരങ്ങളിലും കായ്ഫലമുള്ള വൃക്ഷങ്ങളുടെയും ഔഷധ

സസ്യങ്ങളുടെയും തൈകൾ വച്ചുപിടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**(4) <u>വാച്ചർ വാസുവിനെ കാട്ടാന ചവിട്ടിക്കൊന്ന സംഭവം</u>**

<u>ശ്രീ. ഐ.സി. ബാലകൃഷ്ണൻ</u> : സുൽത്താൻ ബത്തേരി, മുത്തങ്ങയിൽ ടൂറിസം വകുപ്പിൽ ദിവസക്കൂലി വ്യവസ്ഥയിൽ വാച്ചറായി ജോലി നോക്കവെ 20-09-2011-ൽ കാട്ടാന കൊലപ്പെടുത്തിയ പട്ടികവർഗ്ഗക്കാരനായ വാസുവിന്റെ കുടുംബത്തിന് ധനസഹായവും ഭാര്യയ്ക്ക് സ്ഥിരജോലിയും നൽകുന്നതിന് നടപടി സ്വീകരിക്കണം.

വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി <u>(ശ്രീ. കെ.ബി. ഗണേഷ് കുമാർ)</u> : അവകാശികൾ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് കാട്ടാന കൊലപ്പെടുത്തിയ വാസുവിന്റെ കുടുംബത്തിന് 2010-ലെ പുതുക്കിയ നിരക്കനുസരിച്ച് വനം വകുപ്പ് മൂന്നുലക്ഷം രൂപയും വനഭൂമിയുടെ സമീപത്ത് താമസിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുവേണ്ടി ഏർപ്പെടുത്തിയ ഇൻഷ്വറൻസ് തുകയായ ഒരു ലക്ഷം രൂപയും നൽകുന്നതാണ്. നിയമപരമായ സാധുതയില്ലാത്തതിനാൽ ഭാര്യയ്ക്ക് സ്ഥിരജോലി കൊടുക്കാൻ നിർവ്വാഹമില്ല.

**(5) <u>മുടങ്ങിക്കിടക്കുന്ന ശുദ്ധജലവിതരണ പദ്ധതികൾ</u>**

<u>ശ്രീ. പാലോട് രവി</u> : തിരുവനന്തപുരം ജില്ലയിലെ വിവിധ മണ്ഡലങ്ങളിൽപ്പെട്ടതും തൊണ്ണൂറ് ശതമാനം പണികൾ പൂർത്തിയായതുമായ ഏഴ് കുടിവെള്ള പദ്ധതികളുടെ പണികൾ സമയബന്ധിതമായി പൂർത്തിയാക്കി ജലവിതരണം നടത്തുന്നതിന് ബന്ധപ്പെട്ടവരുടെ യോഗം വിളിക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സാമ്പത്തിക പരാധീനതമൂലം സംസ്ഥാനത്ത് മുടങ്ങിക്കിടക്കുന്ന പദ്ധതികളെ സംബന്ധിച്ച് എല്ലാ ജില്ലകളിലും അവലോകനയോഗംകൂടി ചർച്ച ചെയ്യുകയുണ്ടായി. സ്ഥലം ലഭിക്കുന്നതിനും പി.ഡബ്ല്യു.ഡി., റെയിൽവേ വകുപ്പുകളിൽനിന്ന് അനുമതി കിട്ടുന്നതിനുമുള്ള കാലതാമസം, ഉയർന്ന ടെണ്ടർ നിരക്കുകൾ, റീ-ടെണ്ടർ നടപടികൾ തുടങ്ങിയവ പദ്ധതികൾ പൂർത്തീകരിക്കാൻ സാധിക്കാതെ വന്നതിന് കാരണമായിട്ടുണ്ട്. പൂർത്തീകരിക്കുവാൻ കഴിയാത്തതും അടങ്കൽ തുക തികയാതെ വന്നതുമായ 181.2 കോടി രൂപ യുടെ 40 പദ്ധതികൾക്ക് 05-06-2010-ൽ സ്റ്റേറ്റ് ലെവൽ സാംഗ്ഷനിംഗ് സ്റ്റിയറിംഗ് കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. മറ്റ് പദ്ധതികൾക്ക് എസ്റ്റിമേറ്റ് തുക കൂടുതലായതിനാൽ ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിന് അയച്ചിരിക്കുകയാണ്. പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്ത് എത്രയും പെട്ടെന്ന് ഭരണാനുമതി നൽകുന്നതാണ്.

## (6) ജെ.ബി.ഐ.സി.-കെ.ഡബ്ല്യു.എ. കുടിവെള്ള പദ്ധതി

ശ്രീ. പുരുഷൻ കടലുണ്ടി : കോഴിക്കോട് നഗരത്തിലെയും ഗ്രാമ പഞ്ചായത്തുകളിലെയും ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് ആരംഭിച്ച ജപ്പാൻ കുടിവെള്ള പദ്ധതി പൂർത്തീകരണത്തിന് കാലതാമസമുണ്ടാകുകയും റോഡുകൾ തകർന്ന് അപകടങ്ങൾ വർദ്ധിക്കുകയും ചെയ്യുന്നതിനാൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ജനപങ്കാളിത്തത്തോടുകൂടി ഒരു മോണിറ്ററിംഗ് കമ്മിറ്റി വിളിച്ചുചേർത്ത് ശുദ്ധജലക്ഷാമത്തിന് പരിഹാരം കാണണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : കോഴിക്കോട് നഗരത്തിലും ഗ്രാമപ്രദേശങ്ങളിലും നടപ്പിലാക്കുന്നതും 13.3 ലക്ഷം ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്നതുമായ ഈ പദ്ധതിക്ക് 5 പാക്കേജുകളിലായിട്ടാണ് കരാറുകൾ നൽകിയത്. ഒന്നാം പാക്കേജിലുള്ള ശുദ്ധീകരണശാലയുടെ പ്രവൃത്തി പെരുവണ്ണാമൂഴി-പൊൻമലക്കുന്നിൽ പുരോഗമിച്ചു വരുന്നു. ഇതിനായി നിർമ്മിക്കേണ്ട കിണറിന്റെ സ്ഥാനം മാറ്റിയതിനാൽ അധികച്ചെലവായി വേണ്ടിവരുന്ന 8.1 കോടി രൂപയുടെ പ്രൊപ്പോസൽ മന്ത്രിസഭയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. രണ്ടാം പാക്കേജിലുള്ള ട്രാൻസ്മിഷൻ മെയിൻ പെരുവണ്ണാമൂഴി മുതൽ കടലുണ്ടി വരെയുള്ള 110 കിലോമീറ്റർ ദൂരത്തിൽ സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്; ശേഷിക്കുന്നതിന്റെ പണി നടന്നുവരുന്നു. മൂന്നാം പാക്കേജിലെ വിതരണ ശൃംഖലയിൽ 682 കിലോമീറ്റർ പൂർത്തീകരിക്കുകയും ശേഷിക്കുന്ന പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. നാലാം പാക്കേജിലുള്ള 15 സംഭരണികൾ പൂർത്തിയാക്കുകയും രണ്ടെണ്ണത്തിന്റെ പണി പുരോഗതിയിലും മൂന്നെണ്ണത്തിന്റെ സ്ഥലം ലഭിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലുമാണ്. അഞ്ചാം പാക്കേജിൽ പദ്ധതികളുടെ നവീകരണത്തിന് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. കഴിയുന്നത്ര വേഗത്തിൽ പൈപ്പ് സ്ഥാപിച്ച് റോഡ് പൂർവ്വസ്ഥിതിയിലാക്കാൻ വേണ്ട നടപടിയെടുത്തിട്ടുണ്ട്. 2013 മാർച്ച് മാസത്തിൽ പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## (7) കുടിവെള്ള പദ്ധതിക്കുള്ള സ്രോതസ്സുകൾ

ശ്രീ. എം. ഉമ്മർ : കരിങ്കൽ ക്വാറികളിൽ രൂപപ്പെട്ടിട്ടുള്ള ജലാശയങ്ങൾ കുടിവെള്ളത്തിനോ കൃഷി ആവശ്യത്തിനോ ഉപയോഗിക്കുന്നതിനു വേണ്ടിയുള്ള ഒരു പ്രോജക്ടുണ്ടാക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : കരിങ്കൽ ക്വാറികളിൽ രൂപപ്പെട്ടിട്ടുള്ള ജലാശയങ്ങൾ സുസ്ഥിര ജലസ്രോതസ്സുകളായി ഉപയോഗിക്കാൻ പര്യാപ്തമാണെങ്കിൽ മാത്രമേ കുടിവെള്ള വിതരണ പദ്ധതികൾ നടപ്പാക്കാനായി പരിഗണിക്കാൻ സാധിക്കുകയുള്ളൂ. എല്ലാക്കാലത്തും ജലലഭ്യതയുള്ള ക്വാറികൾ കണ്ടെത്തിയാൽ ഗുണനിലവാരം പരിശോധിച്ച് ചെറുകിട പദ്ധതികൾക്ക് ഉപയോഗിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## (8) റെയിൽവെ പുറമ്പോക്കിൽ താമസിക്കുന്നവരുടെ പുനരധിവാസം

ശ്രീ. കെ. രാജു : പുനലൂർ മുനിസിപ്പൽ പ്രദേശത്ത് റെയിൽവേ പുറമ്പോക്കിൽ താമസിക്കുന്ന 103 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി സർക്കാർ ഏറ്റെടുത്ത് ലാന്റ് ബാങ്കിൽ സൂക്ഷിച്ചിരിക്കുന്നതിൽ നിന്ന് 4 സെന്റ് ഭൂമി വീതം നൽകാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : കൊല്ലം-ചെങ്കോട്ട ബ്രോഡ്ഗേജ് റെയിൽവേ നിർമ്മാണത്തോടനുബന്ധിച്ച് റെയിൽവേ പുറമ്പോക്കിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി പുനലൂർ വില്ലേജിലെ കേളൻകാവ് കുത്തകപ്പാട്ടം ഒഴിപ്പിച്ചെടുത്ത സ്ഥലം സർക്കാരിലേക്ക് ഏറ്റെടുത്തിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് പുനലൂർ റെയിൽവേ പുറമ്പോക്കിൽനിന്നും കുടിയൊഴിപ്പിക്കപ്പെടുന്നവരെ

പുനരധിവസിപ്പിക്കുന്നതിന് റെയിൽവേ, റവന്യൂ വകുപ്പുകൾ നടത്തിയ സംയുക്ത പരിശോധനയിൽ മുനിസിപ്പാലിറ്റിയിൽ ഉൾപ്പെട്ട 103 കുടുംബങ്ങൾ അർഹരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ലാന്റ് ബാങ്കിൽപ്പെട്ട ഭൂമി യിൽനിന്ന് 3 സെന്റ് വീതം വിതരണം ചെയ്യുന്നതിന് ബന്ധപ്പെട്ടവരുടെ അടിയന്തിര യോഗം വിളിച്ചുചേർത്ത് എത്രയും വേഗം അന്തിമ തീരുമാനം എടുക്കുന്നതാണ്.

## (9) എലിപ്പനി

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : കാസർഗോഡ് ജില്ലയിലെ വിവിധ ഭാഗങ്ങളിൽ എലിപ്പനി വ്യാപകമായി പടർന്നുപിടിച്ചിരിക്കുന്ന സാഹചര്യത്തിൽ അവിടത്തെ ആശുപത്രികളിൽ ആവശ്യമായ ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫും ഉപകരണങ്ങളും ലഭ്യമാക്കി ചികിൽസാസൗകര്യം വർദ്ധിപ്പിക്കണം. ശുചീകരണ പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത്/വാർഡ് തലങ്ങളിൽ എൻ.ആർ.എച്ച്.എം. ഫണ്ട് ലഭ്യമാക്കാനും മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് സാമ്പത്തികസഹായം നൽകാനും അടിയന്തര നടപടിയുണ്ടാകണം. രോഗികളുടെ രക്തപരിശോധനാ സാമ്പിളുകൾ മംഗലാപുരം റെയിൽവേ സ്റ്റേഷനിൽ കെട്ടികിടക്കാനുണ്ടായ സാഹചര്യത്തെക്കുറിച്ച് അന്വേഷണം നടത്തണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): കാസർഗോഡ് ജില്ലയിൽ എലിപ്പനി രോഗനിയന്ത്രണ പ്രവർത്തനങ്ങൾക്കായി 2011 സെപ്റ്റംബറിൽ ബ്ലോക്ക്/ജില്ലാതല അവലോകന കമ്മിറ്റികൾ ചേർന്നിട്ടുണ്ട്. ജില്ലാ/ജനറൽ ആശുപത്രികളിൽ രോഗനിർണ്ണയ കിറ്റുകളും പ്രധാനപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ കാർഡ് ടെസ്റ്റുകളും ലഭ്യമാക്കി

യിട്ടുണ്ട്. രോഗപ്രതിരോധ ഗുളികകൾ എല്ലാ ആശുപത്രികളിലും ലഭ്യമാക്കുകയും രോഗത്തെക്കുറിച്ചുള്ള റിപ്പോർട്ടുകൾ പ്രധാനപ്പെട്ട സർക്കാർ-സ്വകാര്യ ആശുപത്രികളിൽനിന്നും ലബോറട്ടറികളിൽനിന്നും ശേഖരിക്കാനുള്ള സംവിധാനം ഊർജ്ജിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സ്റ്റേറ്റ് എപ്പിഡമിയോളജിസ്റ്റ് 20-09-2011-ന് ജില്ല സന്ദർശിച്ച് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കേന്ദ്ര സംഘം വിവിധ ആശുപത്രികൾ സന്ദർശിച്ച് ഇതുസംബന്ധിച്ച പഠനം നടത്തിയിട്ടുണ്ട്. രോഗനിയന്ത്രണ പ്രവർത്തനങ്ങൾക്കായി 3 ലക്ഷം രൂപ ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിലായി അനുവദിച്ചിട്ടുണ്ട്. രക്തപരിശോധനാസാമ്പിളുകൾ റെയിൽവേ സ്റ്റേഷനിൽ കെട്ടിക്കിടന്ന സംഭവത്തെക്കുറിച്ച് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്. എൻ. ആർ.എച്ച്.എം.ഫണ്ട് ശുചീകരണത്തിനും രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കുമായി പഞ്ചായത്ത്/വാർഡ് തലത്തിൽ ചെലവഴിച്ചിട്ടുള്ളതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്.

### (10) ചേർത്തല പോളിടെക്നിക്കിൽ പുതിയ കോഴ്സുകൾ

ശ്രീ. പി. തിലോത്തമൻ : ആലപ്പുഴ ജില്ലയിലെ ചേർത്തല പോളിടെക്നിക്കിൽ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്, മെക്കാനിൽ എഞ്ചിനീയറിംഗ് കോഴ്സുകൾ അനുവദിക്കാനും ജീർണ്ണിച്ച കെട്ടിടം നവീകരിക്കാനും നടപടിയുണ്ടാകണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : ആലപ്പുഴ ജില്ലയിലെ ചേർത്തല പോളിടെക്നിക്കിന്റെ കെട്ടിടങ്ങൾ നവീകരിക്കുന്നതിനായി 12 ലക്ഷം രൂപ അസെറ്റ് മെയിന്റനൻസ് ഫണ്ടിൽ ഉൾപ്പെടുത്തി

30-03-2010-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. മെക്കാനിക്കൽ ബ്രാഞ്ചിനാവശ്യമായ വർക്ക്ഷോപ്പും കമ്പ്യൂട്ടർ ബ്രാഞ്ചിനാവശ്യമായ കമ്പ്യൂട്ടർ, സോഫ്റ്റ്വെയർ, ലാബ് എന്നീ നിലവിലുള്ള സൗകര്യങ്ങളും ഉപയോഗപ്പെടുത്തി എ.ഐ.സി.ടി.ഇ.-യുടെ അംഗീകാരത്തിന് വിധേയമായി പുതിയ കോഴ്സുകൾ ആരംഭിക്കാൻ കഴിയുമെന്ന ടെക്നിക്കൽ എഡ്യുക്കേഷൻ ഡയറക്ടറുടെ റിപ്പോർട്ട് പരിശോധിച്ചതിനുശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനമനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

സംസ്ഥാനം നേരിടുന്ന വൈദ്യുതി പ്രതിസന്ധി സംബന്ധിച്ച് ഊർജ്ജ വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ് പ്രസ്താവന നടത്തി.

**വ്യക്തിപരമായ വിശദീകരണം**

ശ്രീ. എം.വി. ശ്രേയാംസ് കുമാർ: ഞാൻ ആദിവാസി ഭൂമി കയ്യേറിയതായി കഴിഞ്ഞ ദിവസം സഭയിൽ ശ്രീ. കെ.കെ. ജയചന്ദ്രൻ തെറ്റായ പരാമർശം നടത്തുകയുണ്ടായി. 1943 മുതൽ എന്റെ കുടുംബത്തിന്റെ കൈവശമുള്ള ഭൂമിയിൽ അവകാശം സ്ഥാപിച്ചുകിട്ടാൻ നൽകിയ അന്യായത്തിന്മേൽ കൈവശാവകാശം തടസ്സപ്പെടുത്തരുതെന്ന സുൽത്താൻ ബത്തേരി സബ് കോടതി പുറപ്പെടുവിച്ച ഇൻജംഗ്ഷൻ ഉത്തരവ് കൽപ്പറ്റ ജില്ലാ കോടതി ശരിവച്ചിട്ടുള്ളത് മാനിക്കാതെ ചിലർ വസ്തു കയ്യേറാൻ ശ്രമിച്ചപ്പോൾ ഞാൻ ഹൈക്കോടതിയെ സമീപിക്കുകയും ഹൈക്കോടതി

ഡിവിഷൻ ബെഞ്ച് എനിക്ക് പോലീസ് സംരക്ഷണം നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ആയത് ഇന്നും നിലനിൽക്കുകയുമാണ്. അത് സുപ്രീം കോടതിയും അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമി ഏതെങ്കിലും പ്രത്യേക വിഭാഗത്തിന് പതിച്ചുനൽകാൻ നീക്കിവച്ചതല്ലെന്ന് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ ഹൈക്കോടതിയിൽ സത്യവാങ്മൂലവും നൽകിയിട്ടുണ്ട്. എന്റെ വാദം കേൾക്കാതെയും ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ് പരിഗണിക്കാതെയുമാണ് എന്നെ ഒഴിപ്പിക്കണമെന്ന് സിംഗിൾ ബെഞ്ച് വിധി പ്രഖ്യാപിച്ചത്. പ്രസ്തുത വിധിക്കെതിരെ നൽകിയ അപ്പീൽ ഡിവിഷൻ ബെഞ്ച് നിരാകരിച്ചതിനെത്തുടർന്ന് സുപ്രീം കോടതിയെ സമീപിക്കുകയും തീർപ്പ് കൽപ്പിക്കാൻ സുപ്രീം കോടതി ഹൈക്കോടതിക്ക് നിർദ്ദേശം നൽകുകയും ചെയ്തു. എന്റെ അവകാശങ്ങൾ സിവിൽ കോടതി അംഗീകരിച്ചിരിക്കെ എന്നെ കയ്യേറ്റക്കാരനായി ചിത്രീകരിക്കുന്നത് ശരിയല്ല. ഈ ആരോപണം ഉന്നയിച്ചവർ ഞാൻ ഒരു തുണ്ട് ഭൂമി കയ്യേറി എന്ന് തെളിയിച്ചാൽ എന്റെ കയ്യിലുള്ള ഭൂവകകളെല്ലാം പൊതുആവശ്യങ്ങൾക്കായി നൽകുന്നതാണെന്ന് സഭയ്ക്ക് ഉറപ്പുനൽകുന്നു.

.**ധനകാര്യം**

## 2011-12 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി (ശ്രീ. കെ.പി. മോഹനൻ) : താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു

ധനാഭ്യർത്ഥന നമ്പർ XIV - സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപര
മായ സർവ്വീസുകളും (138,93,40,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXIX - കൃഷി (718,96,50,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXI - മൃഗസംരക്ഷണം (150,67,93,000 രൂപ)

റവന്യു വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കു വേണ്ടി കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി (ശ്രീ. കെ.പി. മോഹനൻ) : സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണ പരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയേയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയേയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തു വയ്ക്കുന്നു.

(സർവ്വശ്രീ തോമസ് ചാണ്ടി, സി. ദിവാകരൻ, ഇ. ചന്ദ്രശേഖരൻ, വി.എസ്. സുനിൽ കുമാർ, മുല്ലക്കര രത്നാകരൻ, ഇ.കെ. വിജയൻ, പി. തിലോത്തമൻ, കെ. അജിത്, വി. ശശി, കെ.വി. അബ്ദുൾ ഖാദർ, എം.എ. ബേബി, എ.കെ. ബാലൻ, എം. ചന്ദ്രൻ, വി. ചെന്താമരാക്ഷൻ, കെ. ദാസൻ, ബി.ഡി. ദേവസ്സി, എളമരം കരീം, പി.കെ. ഗുരുദാസൻ, എം. ഹംസ, ജെയിംസ് മാത്യു, ഇ.പി. ജയരാജൻ, കോടിയേരി ബാലകൃഷ്ണൻ, കോലിയക്കോട് എൻ. കൃഷ്ണൻ നായർ, സി. കൃഷ്ണൻ, കെ. കുഞ്ഞിരാമൻ (ഉദുമ), കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), ശ്രീ. കെ.കെ.

നാരായണൻ, എ. പ്രദീപ്കുമാർ, പുരുഷൻ കടലുണ്ടി, കെ. രാധാകൃഷ്ണൻ, പി.റ്റി.എ. റഹീം, ആർ. രാജേഷ്, റ്റി.വി. രാജേഷ്, രാജു എബ്രഹാം, സി.കെ. സദാശിവൻ, ബി. സത്യൻ, എസ്. ശർമ്മ, വി. ശിവൻകുട്ടി, ജി. സുധാകരൻ, കെ. സുരേഷ് കുറുപ്പ്, എ.കെ. ശശീന്ദ്രൻ, കെ.കെ. ജയ ചന്ദ്രൻ, പി. ശ്രീരാമകൃഷ്ണൻ, കെ.വി. വിജയദാസ്, ഡോ. കെ.ടി. ജലീൽ, ഡോ. ടി.എം. തോമസ് ഐസക്, പ്രൊഫ. സി. രവീന്ദ്രനാഥ്, ശ്രീമതിമാർ ഗീതാ ഗോപി, ഇ.എസ്. ബിജിമോൾ, കെ.എസ്. സലീഖ, പി. അയിഷാ പോറ്റി, കെ.കെ. ലതിക എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ഖണ്ഡനോപക്ഷേ പങ്ങൾ അവതരിപ്പിച്ചു.)

<u>ശ്രീ. എം. ചന്ദ്രൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ബഹുഭൂരി പക്ഷം ജനങ്ങളുടേയും ഉപജീവനമാർഗ്ഗമായ കൃഷിക്ക് യാതൊരുവിധ ഊന്നലും നൽകാത്ത, കേരളത്തിന്റെ ഭക്ഷ്യസുരക്ഷയെ സംബന്ധിച്ച് പരാമർശിക്കാത്ത ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. തോട്ട വിളകളെ ഭൂപരിഷ്ക്കരണ നിയമത്തിന്റെ പരിധിയിൽനിന്നും ഒഴിവാക്കുകയും 5% വരെ ഭൂമി വിനോദസഞ്ചാര പദ്ധതികൾക്കുവേണ്ടി ഉപയോഗിക്കാൻ അനുവദിക്കുകയും ചെയ്യുന്നതുവഴി തോട്ടങ്ങളെ തുണ്ടുതുണ്ടായി വിൽപ്പന നടത്താൻ തോട്ടം മുതലാളിമാർക്ക് അവസരം നൽകുന്ന തരത്തിൽ ഭൂപരിഷ്ക്കരണ നിയമത്തെ അട്ടിമറിക്കാനുള്ള പ്രഖ്യാപനങ്ങളാണ് നടത്തിയി ട്ടുള്ളത്. കശുവണ്ടിത്തോട്ടങ്ങളെക്കൂടി തോട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെടു ത്തുമെന്നുള്ള പ്രഖ്യാപനം മിച്ചഭൂമി ഇല്ലാതാക്കും. ഇ.എഫ്.ലാന്റിനെ സം ബന്ധിച്ചുള്ള പുതിയ ഭേദഗതികൾ വനംകയ്യേറ്റക്കാരെ സഹായിക്കുന്നതാണ്. കാർഷിക മേഖലയ്ക്ക് ഉപയുക്തമായ ഒരു പദ്ധതിയും ബഡ്ജറ്റിൽ

വിഭാവനം ചെയ്തിട്ടില്ല. വന്യജീവികളുടെ ആക്രമണംമൂലം കൃഷി നശിക്കുന്ന വനമേഖലയിലെ കൃഷിക്കാർക്കും നെൽകർഷകർക്കും തെങ്ങ്-നേന്ത്രവാഴ കൃഷിക്കാർക്കും നൽകുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കണം. സർക്കാർ ആശുപത്രിയിലല്ലാതെ ഒരു തടവുപുള്ളിയെ സ്വകാര്യ ആശുപത്രിയിൽ കിടത്തി ചികിത്സിക്കുന്ന സമ്പ്രദായം ശരിയല്ല. കേസിൽ പ്രതികളായവർ മന്ത്രിസഭയിൽ വരുന്ന പ്രവണത അഭിലഷണീയമല്ല. നെല്ലിന്റെ സംഭരണവില ഉയർത്താൻ നടപടി സ്വീകരിക്കണം. കൃഷി നശിപ്പിക്കുന്ന കാട്ടുപന്നികളെ വെടിവയ്ക്കുന്നതിന് സർക്കാർ നൽകിയ ഉത്തരവ് പുന:പരിശോധിക്കണം. ആലത്തൂരിലെ സർക്കാർ ഉടമസ്ഥതയിലുള്ള മോഡേൺ റൈസ് മിൽ തുറന്നുപ്രവർത്തിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. ജോസഫ് വാഴക്കൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കർഷകന്റെ ദു:ഖം പരിഹരിച്ച്, ക്ഷേമപദ്ധതികൾ യഥാസമയം നടപ്പിലാക്കി, ക്ഷേമ പെൻഷനുകൾ സമയബന്ധിതമായി വിതരണം ചെയ്തുകൊണ്ട് മുന്നോട്ടുപോകുന്ന സർക്കാരിന്റെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. ഒരു ഹെക്ടറിൽ താഴെ ഭൂമിയും 60 വയസ്സിനുമുകളിൽ പ്രായവുമുള്ള മുഴുവൻ കർഷകർക്കും പെൻഷൻ നൽകുന്ന പദ്ധതിയും കാലിത്തീറ്റ സബ്സിഡി വർദ്ധിപ്പിക്കാനുള്ള തീരുമാനവും കിസാൻ പദ്ധതിയും സ്വാഗതാർഹമാണ്. കൃഷി വകുപ്പ് അഗ്രികൾച്ചറൽ ആന്റ് ഫാർമേഴ്സ് വെൽഫെയർ ഡിപ്പാർട്ടുമെന്റ് എന്ന് നാമകരണം ചെയ്യണം. സഹകരണ ബാങ്കുകൾ കർഷകനെ ചൂഷണം ചെയ്യുന്ന പ്രവണത അവസാനിപ്പിക്കണം. കൃത്യമായി ലോണടയ്ക്കാത്ത റബ്ബർ തോട്ടം ഉടമകളുടെ ഭൂമി

പിടിച്ചെടുക്കാൻ എസ്.ബി.ടി. സുപ്രീം കോടതിയിൽ കൊടുത്തിട്ടുള്ള കേസിൽ സർക്കാർ കക്ഷിചേർന്ന് പരിഹാരമുണ്ടാക്കണം. സർക്കാർ അനുവാദത്തോടെ പൈനാപ്പിൾ കൃഷിക്കുപയോഗിക്കുന്ന 'എത്തിഫോൺ' എന്ന ഹോർമോൺ അപകടകാരിയാണെന്ന് യാതൊരു പഠനവും നടത്താതെ അവകാശപ്പെടുന്നത് ശരിയല്ല. പ്രതിപക്ഷ നേതാവിന്റെ മകനുമായി ബന്ധപ്പെട്ട കേസന്വേഷണം വിജിലൻസ് ഡിപ്പാർട്ടുമെന്റിന് കൈമാറണം.

<u>ശ്രീമതി ഗീതാ ഗോപി</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കാർഷിക മേഖല ശക്തിപ്പെടുത്താനുള്ള നടപടികൾക്കാണ് ഇടതുപക്ഷ സർക്കാർ മുൻഗണന നൽകിയിരുന്നത്. കിസാൻശ്രീ, കിസാൻ അഭിമാൻ, എല്ലാരും പാടത്തേക്ക് തുടങ്ങിയ ഭാവനാപൂർണ്ണമായ പദ്ധതികളിലൂടെ സമൂഹത്തിന് കൃഷിയോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കാൻ സാധിച്ചിരുന്നുവെങ്കിൽ യു.ഡി.എഫ്. ഭരണത്തിൽ അതിൽനിന്നൊരു തിരിച്ചുപോക്കിന് കേരളം സാക്ഷ്യം വഹിക്കുകയാണ്. രാസവളങ്ങളുടെ വിലവർദ്ധനമൂലം കർഷകൻ തീരാദുരിതത്തിലാണ്. ഫാക്ടംഫോസിനും യൂറിയയ്ക്കും പുറമെ പൊട്ടാഷിനും വില കൂടിയത് കർഷകന് കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കിയിരിക്കുകയാണ്. മുൻസർക്കാർ വിഭാവനം ചെയ്തിരുന്ന തൃശ്ശൂർ ജില്ലയിലെ കോൾ മേഖലയിലെ കർഷകർക്ക് ആശ്വാസമാകുന്ന പാക്കേജ് പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. പാരമ്പര്യ കൃഷിരീതികൾക്കൊപ്പം നൂതന കൃഷിരീതികളും പ്രോൽസാഹിപ്പിക്കേണ്ടതുണ്ട്. പ്രിസിഷൻ ഫാമിംഗ് പ്രോൽസാഹിപ്പിക്കുന്നതിന് കൃഷിവകുപ്പിൽനിന്നും സബ്സിഡിയടക്കമുള്ള സഹായം അനുവദിക്കണം. കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ കർഷകർക്ക് പ്രയോജനപ്പെടുന്ന രീതിയിൽ മാറ്റിയെടുക്കണം. പശുഗ്രാമം, ക്ഷീരധാര, ഗോരക്ഷ, ഗോസുരക്ഷ തുടങ്ങിയ

പദ്ധതികൾ നടപ്പാക്കാൻ കഴിഞ്ഞതോടൊപ്പം കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ഒരു വെറ്ററിനറി സർവ്വകലാശാലയും സ്ഥാപിച്ചു. ഭാവനാ പൂർണ്ണമായ നയങ്ങളിലൂടെയും നടപടികളിലൂടെയും ഉണ്ടായ മുന്നേറ്റത്തെ പരാജയപ്പെടുത്തുന്ന നിർദ്ദേശങ്ങളടങ്ങിയ ബഡ്ജറ്റാണിത്.

ശ്രീ. സി. മോയിൻകുട്ടി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മൂന്ന് അവാർഡുകൾ നേടിയ തിരുവമ്പാടി നിയോജകമണ്ഡലത്തിന് കാർഷിക രംഗത്ത് മുന്തിയ പരിഗണന നൽകണം. എൻഡോസൾഫാൻ ദുരിത ബാധിതരായ 600 പേർക്ക് ഒരു ലക്ഷം രൂപ വീതം ധനസഹായം നൽകുകയും 60 വയസ്സ് കഴിഞ്ഞ മുഴുവൻ കർഷകർക്കും പെൻഷൻ അനുദിക്കുകയും നെല്ലിന്റെ സഭരണവില 20 രൂപയായി ഉയർത്തുകയും ചെയ്ത സർക്കാർ നടപടി സ്വാഗതാർഹമാണ്. പാരിസ്ഥിതിക ദുർബല പ്രദേശങ്ങളുടെ പ്രശ്നത്തിൽ ജോയിന്റ് വെരിഫിക്കേഷൻ നടത്തണം. ഗുരുത രമായ പ്രശ്നങ്ങൾ നിലനിൽക്കുന്നതിനാൽ വനാതിർത്തിയിൽ ദ്രുതകർമ്മ സേനയുടെ സേവനം ഉറപ്പുവരുത്തണം. തെങ്ങുകയറ്റ യന്ത്രം ഏർപ്പെടുത്തി തൊഴിലാളികൾക്ക് ട്രെയിനിംഗ് കൊടുക്കണം. കിസാൻ കാർഡ് ഏർപ്പെടു ത്തിയത് കർഷകന് ഗുണകരമാണ്. പ്രതിപക്ഷ നേതാവിന്റെ മകനെതിരെ ഉയർന്നുവന്ന ആക്ഷേപങ്ങളെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തണം.

ശ്രീ. സി. കെ. നാണു : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പെട്രോ ളിയം ഉല്പന്നങ്ങളുടെ വിലനിയന്ത്രണാധികാരം കേന്ദ്ര സർക്കാർ കമ്പനി കൾക്ക് കൈമാറിയതുമൂലമുണ്ടായ വിലവർദ്ധനവ് ജനജീവിതം ദുസ്സഹമാ ക്കിയിരിക്കുകയാണ്. രാസവള സബ്സിഡി കുറയ്ക്കുകയും വിലനിയന്ത്രണം ഒഴിവാക്കുകയും ചെയ്തതുമൂലം കാർഷിക മേഖലയും സ്തംഭനത്തിലായി.

കശുമാവ് തോട്ടവിളകളെ ഭൂപരിഷ്ക്കരണ നിയമത്തിൽ നിന്ന് ഒഴിവാക്കി അഞ്ച് ശതമാനം ഭൂമി ടൂറിസത്തിനും മറ്റും മാറ്റിവയ്ക്കാൻ തീരുമാനിച്ച നടപടി തികച്ചും അപഹാസ്യമാണ്. സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗങ്ങളുടെ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുന്നതിന് നിയോഗിച്ച സച്ചാർ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശകൾ പ്രാവർത്തികമാക്കണം. കർഷക ത്തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് കൂടുതൽ സഹായകരമായ നിലപാടുകൾ സ്വീകരിക്കണം. പ്ലാച്ചിമടയിലും പരിസരപ്രദേശങ്ങളിലുമുള്ളവരുടെ ജീവിതം ദുസ്സഹമാക്കിയ കൊക്കക്കോള കമ്പനിയെ സംരക്ഷിക്കുന്ന നടപടി ശരിയല്ല. വെച്ചൂർ പശു, കാസർഗോഡ് പശു എന്നീ ഇനം പശുക്കളെപ്പോലെ വടകര പശുവിനെയും സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. മോൻസ് ജോസഫ്</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനം മാലിന്യസംസ്ക്കരണത്തിനായി പരിശ്രമം ആരംഭിച്ചിരിക്കുകയാണ്. ജനജീവിതത്തെ ബാധിക്കുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി സർക്കാർ മുന്നോട്ട് പോവുകയാണ്. അർഹരായ കർഷകർക്ക് പട്ടയം വിതരണം ചെയ്യാനും വനപാലകർ കർഷകരോട് സ്വീകരിക്കുന്ന സമീപനങ്ങൾക്ക് പരിഹാരം കാണാനും നടപടിയെടുത്തത് അഭിനന്ദാർഹമാണ്. നെല്ലിന്റെ സംഭരണവില വർദ്ധിപ്പിച്ചതും ചെറുകിട നാമമാത്ര കർഷകർക്ക് 300 രൂപ പെൻഷൻ കൊടുക്കുമെന്ന പ്രഖ്യാപനം യാഥാർത്ഥ്യമാക്കിയതും സ്വാഗതാർഹമാണ്. തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിനും കരനെൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ നെല്ലുല്പാദനം വർദ്ധിപ്പിക്കാൻ സഹായകരമാണ്. നെല്ല്, പാൽ, പച്ചക്കറി,

മുട്ട എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും വിലക്കയറ്റം നിയന്ത്രിക്കുന്നതിനും സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ പ്രയോജനപ്രദമാണ്. കൃഷിച്ചെലവ് വർദ്ധിച്ചതിനാൽ സബ്സിഡി പരമാവധി വർദ്ധിപ്പിക്കുന്നതിനും നെല്ലിന്റെ ഉല്പാദന ബോണസ്സ് 1,000 രൂപയായി ഉയർത്താനും നടപടി സ്വീകരിക്കണം. ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി ഗുണമേന്മയും രോഗപ്രതിരോധശേഷിയുള്ളതുമായ പുതിയ ഇനം വിത്തുകൾ കണ്ടെത്തുന്നതിന് കൃഷിശാസ്ത്രജ്ഞരെ പ്രാപ്തരാക്കണം. രാസകീടനാശിനികൾക്ക് പകരം ജൈവ കീടനാശിനികൾ വിലകുറച്ച് കൊടുക്കുന്നതിന് നടപടി സ്വീകരിക്കണം. കൃഷിക്കാരെ സംരക്ഷിക്കുന്നതിനും ഉല്പന്നങ്ങൾക്ക് താങ്ങുവില നിശ്ചയിക്കുന്നതിനും തയ്യാറാകണം. വിള ഇൻഷ്വറൻസ് പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിനും കുട്ടനാട്, ഇടുക്കി പാക്കേജുകളുടെ ഗുണം ജനങ്ങൾക്ക് ലഭിക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും സംവിധാനം ഉണ്ടാകണം. കേന്ദ്രം പ്രഖ്യാപിച്ച ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ പ്രയോജനം ജനങ്ങൾക്ക് ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കണം. മൃഗസംരക്ഷണ വകുപ്പിന്റെ വിഹിതം വർദ്ധിപ്പിച്ച നടപടി സ്വാഗതാർഹമാണ്.

<u>ശ്രീ. തോമസ് ചാണ്ടി</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കുട്ടനാട് പാക്കേജ് നടപ്പാക്കുന്നതിലൂടെ ലക്ഷക്കണക്കിന് ടൺ നെല്ല് ഉല്പാദിപ്പിക്കുവാൻ സാധിക്കും. രാസവള വില നിയന്ത്രിക്കണം. റെഗുലേറ്ററി സിസ്റ്റം റീ-ഇൻസ്റ്റേറ്റ് ചെയ്യാൻ കേന്ദ്ര ഗവൺമെന്റിനുമേൽ സമ്മർദ്ദം ചെലുത്തണം. സംസ്ഥാനത്തിന് പുറത്തുനിന്നും ഉൽപ്പാദനശേഷിയുള്ള

പശുക്കളെ കൊണ്ടുവന്ന് വിതരണം ചെയ്യണം. കുട്ടനാട്ടിൽ പുതിയ പാലങ്ങളും റോഡുകളും നിർമ്മിക്കാനുള്ള നടപടി കൈക്കൊള്ളണം.

ശ്രീ. എം. പി. വിൻസെന്റ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കോൾ നിലങ്ങളിൽ കൃഷിയിറക്കാനുള്ള പദ്ധതിക്ക് കേന്ദ്രഗവൺമെന്റിന്റെ അംഗീകാരം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. ഇടുക്കി, കുട്ടനാട് പാക്കേജുകൾ, നാടൻ പശുക്കളുടെ സംരക്ഷണം, ഹൈടെക് ഫാം നടത്തുന്ന കർഷകർക്ക് വേണ്ടിയുള്ള ക്ഷീര നഗര പദ്ധതി എന്നിവ നടപ്പിലാക്കാനുള്ള തീരുമാനം നൂറ് ദിന പദ്ധതിയിലെ ആകർഷകമായ ഇനങ്ങളാണ്. കാർഷിക മേഖലയിൽ കോടിക്കണക്കിന് രൂപയുടെ പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. മൃഗസംരക്ഷണ രംഗത്തും അച്ചടി രംഗത്തും ഏറ്റവും നല്ല പ്രവർത്തനം കാഴ്ചവയ്ക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കാർഷിക രംഗത്ത് ശ്രദ്ധിക്കപ്പെടുന്ന പുതിയ റിസർച്ചുകളും നേട്ടങ്ങളും ഉണ്ടാക്കിയ കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള സബ്ജക്ട് കമ്മിറ്റി ശുപാർശ അംഗീകരിക്കണം. ഭക്ഷ്യ സ്വയം പര്യാപ്തത കൈവരിക്കാൻ നടപടികൾ സ്വീകരിക്കണം. കൃഷിയും മൃഗസംരക്ഷണവും തുല്യപ്രാധാന്യത്തോടെ മുന്നോട്ടുകൊണ്ടുപോകണം. കേരളത്തിന്റെ തനത് കൃഷികളായ നാളികേരവും മരച്ചീനിയും നിലനിറുത്തുന്നതിന് ജനങ്ങളെ പ്രോത്സാഹിപ്പിക്കണം. ഓരോ പ്രദേശത്തിന്റെ പ്രത്യേകത അനുസരിച്ച് കൃഷി നടത്തുന്നതിന് കൃഷി വകുപ്പും കാർഷിക സർവ്വകലാശാലയും ചേർന്ന് കുടുംബശ്രീ, മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി ഇവയെല്ലാം സംയോജിപ്പിച്ചുകൊണ്ട് സമഗ്ര കാർഷിക വികസന പദ്ധതി നടപ്പിലാക്കണം. ഒരു വർഷത്തെ കർമ്മ പദ്ധതിയുടെ ഭാഗമായി സമഗ്ര കൃഷി വികസനത്തിന് എം.എൽ.

എ.യുടെ നേതൃത്വത്തിൽ ഒരു സ്കീം തയ്യാറാക്കി കൃഷിയും മൃഗസംരക്ഷണ വുമായി ബന്ധിപ്പിച്ച് ഒരു വിശാല കർമ്മ പദ്ധതിക്ക് രൂപം നൽകണം. വൻകിട കൃഷി സ്ഥലങ്ങൾ നാണ്യവിള കൃഷിക്ക് മാത്രം ഉപയോഗിക്കുന്ന രീതി മാറ്റി സംയോജിത കൃഷിരീതികൾ പ്രോൽസാഹിപ്പിക്കുന്ന കാർഷിക നയം ഉണ്ടാകണം. ജലലഭ്യതയുള്ള പ്രദേശങ്ങളിൽ മത്സ്യവും താറാവും വളർത്തൽ പ്രോൽസാഹിപ്പിക്കണം. സബ്സിഡി നിരക്കിൽ വളർത്തുമൃഗങ്ങളും തീറ്റയും വിതരണം ചെയ്യണം. മൃഗങ്ങളുടെ പ്രതിരോധ കുത്തിവയ്പ്പിനായി സഞ്ചരിക്കുന്ന മൃഗാശുപത്രികൾ ഉണ്ടാക്കണം. തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന ജൈവമാലിന്യങ്ങൾ മണ്ണിര കമ്പോസ്റ്റാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കണം. നാടൻ സാങ്കേതിക വിദ്യയും പരമ്പരാഗത സാങ്കേതിക വിദ്യകളും ഉപയോഗിച്ച് കാർഷിക-മൃഗ സംരക്ഷണ മേഖലയിൽ ഹോർമോൺ/രാസ ഉപയോഗങ്ങൾ കുറയ്ക്കുന്നതിന് പഠന കേന്ദ്രങ്ങൾ തുടങ്ങണം. ജൈവകീടനാശിനികളുടെ നിർമ്മാണത്തിന് അയൽക്കൂട്ടങ്ങളെ പ്രയോജനപ്പെടുത്തണം. ജലസേചനത്തിനായി കുളങ്ങളും കിണറുകളും നിർമ്മിക്കാൻ പദ്ധതികൾ തയ്യാറാക്കണം. നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി പച്ചക്കറി വിത്തുകൾ എല്ലാ വീടുകളിലും വിതരണം ചെയ്തത് സ്വാഗതാർഹമാണ്. കുട്ടനാട്ടിൽ കൊയ്ത്ത് യന്ത്രങ്ങൾക്കുള്ള നിരോധനം നീക്കണം.

<u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കാർഷിക മേഖലയ്ക്കുവേണ്ടി ആനുകൂല്യങ്ങൾ പ്രഖ്യാപിക്കാത്ത ബഡ്ജ റ്റാണിത്. ഈ ഗവൺമെന്റിന് ഒരു വികസന പദ്ധതിയും സംസ്ഥാനത്ത് നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക നയത്തിന്റെ ഫലമായി രാസവളത്തിന്റെ വിലവർദ്ധനവുമൂലം പ്രതിസന്ധിയിലായ

അടയ്ക്കാ കർഷകരെ സഹായിക്കാൻ മുൻസർക്കാർ 10 കോടി രൂപ അനുവദിക്കുകയുണ്ടായി. നെൽകർഷകർക്ക് ഒരു ഏക്കറിന് നൽകുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കണമെന്ന ആവശ്യം നടപ്പാക്കാതെ അഴിമതിക്കാരെ സഹായിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. ഭവനനിർമ്മാണ പദ്ധതി പ്രകാരമുള്ള കടം എഴുതിത്തള്ളണം. കൃഷിക്കാർക്ക് സൗജന്യ നിരക്കിൽ വളം കൊടുക്കുന്നതിനെപ്പറ്റി അടിയന്തരമായി ആലോചിക്കണം.

ശ്രീ. പി.ബി. അബ്ദുൾ റസാക് : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ കാർഷിക മേഖലയിൽ യാതൊരു ക്ഷേമ പ്രവർത്തനങ്ങളും നടത്തിയിട്ടില്ല. കേരളത്തിലെ കർഷകർക്ക് യു.ഡി.എഫ്. സർക്കാരിൽ വലിയ പ്രതീക്ഷയാണുള്ളത്. കുറഞ്ഞ കാലത്തിനിടയിൽ കൃഷി വകുപ്പ് നടപ്പാക്കിയ പദ്ധതികൾ പരിശോധിച്ചാൽ വരുന്ന അഞ്ച് വർഷം കൊണ്ട് സംസ്ഥാനത്ത് കാർഷിക മേഖലയിൽ അത്ഭുതകരമായ മാറ്റങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകരെ സംരക്ഷിക്കുന്നതിന് പ്രത്യേക നടപടി സ്വീകരിക്കണം. കാസർഗോഡ് ജില്ലയിൽ അടയ്ക്കാ പ്രോസസിംഗ് സെന്റർ ആരംഭിക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം യാഥാർത്ഥ്യമാക്കണം. ഓർക്കാടി കൃഷി വിജ്ഞാൻ കേന്ദ്രം കർഷകർക്ക് ഉപയോഗപ്രദമാകുന്ന രീതിയിൽ പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കണം. 24 മണിക്കൂറും തുറന്നു പ്രവർത്തിക്കുന്ന മുഖ്യമന്ത്രിയുടെ ഓഫീസ് കാര്യക്ഷമമായ പ്രവർത്തനം കാഴ്ചവയ്ക്കുകയാണ്. 100 ദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി സ്മാർട്ട്

സിറ്റി, മെട്രോ റെയിൽ തുടങ്ങി നിരവധി വികസനപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരികയാണ്.

ശ്രീ. പി.എ. മാധവൻ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അധികാരത്തിൽ വന്ന ആദ്യദിവസം മുതൽ പിന്നിട്ട ഓരോ ദിവസവും സംസ്ഥാനത്തിന് അഭിമാനിക്കാവുന്ന ഒട്ടനേകം നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞ സർക്കാരാണിത്. തൃശ്ശൂർ ജില്ലയിലെ എട്ട് നിയോജകമണ്ഡലങ്ങളിലായി വ്യാപിച്ചുകിടക്കുന്ന കോൾനിലങ്ങൾക്ക് അർഹിക്കുന്ന പ്രാധാന്യം നൽകണം. തൃശ്ശൂർ കോൾപാടങ്ങളുടെ നിലവിലുള്ള പമ്പിംഗ് സബ്സിഡി 50 ശതമാനമെങ്കിലും വർദ്ധിപ്പിക്കണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂരിലെ കോൾനിലങ്ങൾക്കായി ഏകദേശം 900 കോടി രൂപയുടെ പദ്ധതി കേന്ദ്ര ഗവൺമെന്റ് മുമ്പാകെ അവതരിപ്പിച്ചുവെന്നത് അഭിനന്ദനാർഹമാണ്. തൃശ്ശൂർ കോൾ നിലങ്ങളെക്കുറിച്ച് സമഗ്രമായ പഠനം നടത്തി പ്രോജക്ട് തയ്യാറാക്കി കേന്ദ്രാവിഷ്കൃത പദ്ധതിയായി അനുവദിക്കുന്നതിന് ഗവൺമെന്റ് മുൻകയ്യെടുക്കണം. നാൽപ്പതിനായിരം ഏക്കറോളം വരുന്ന കോൾനിലങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള പദ്ധതികളും നിർദ്ദേശങ്ങളുമടങ്ങുന്ന പ്രോജക്ടാണ് നടപ്പിലാക്കേണ്ടത്.

ശ്രീ. ബാബു എം. പാലിശ്ശേരി : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. അഴിമതിക്കേസുകളോട് യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിക്കുന്ന സമീപനം അപഹാസ്യമാണ്. കോടിക്കണക്കിന് രൂപ ഖജനാവിന് നഷ്ടമുണ്ടാക്കിയ പാമോലിൻ ഇടപാടിൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിക്ക് ഒരു പങ്കുമില്ല എന്നുപറയുന്നത് വിരോധാഭാസമാണ്. 2006-ൽ എൽ.ഡി.എഫ്. ഗവൺമെന്റ്

അധികാരത്തിൽ വന്നില്ലായിരുന്നുവെങ്കിൽ പാമോലിൻ കേസ് പുറത്ത് വരില്ലായിരുന്നു. ആർക്കും ശ്രീ. ഉമ്മൻ ചാണ്ടിയെ രക്ഷിക്കാനാവില്ലെന്ന് വരുംദിവസങ്ങളിൽ വ്യക്തമാക്കപ്പെടും. വിജിലൻസ് വകുപ്പിൽ അഡീഷണൽ ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ എന്ന പുതിയ പോസ്റ്റുണ്ടാക്കി തിരക്കിട്ട് നിയമനം നടത്തിയതിനെക്കുറിച്ച് ആക്ഷേപം വന്നപ്പോൾ അദ്ദേഹം പാമോലിൻ കേസിന്റെ അന്വേഷണത്തിൽ ഇടപെടില്ലെന്ന വിശദീകരമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയത്. എന്നാൽ അദ്ദേഹത്തിന് പാമോലിൻ കേസിൽ ഇടപെടുന്നതിന് ഒരു നിയമതടസ്സവും ഇല്ല. ശ്രീ. അടൂർ പ്രകാശി നെതിരായ വിജിലൻസ് കേസ് ഇപ്പോൾ പുനരന്വേഷണം നടത്താൻ തീരുമാനിച്ചതും നേരത്തെയുള്ള കൺക്ലൂഷൻ മാറ്റിയെഴുതുന്നതിനാണ്. അഴിമതിയോട് ഈ ഗവൺമെന്റിനുള്ള സമീപനം ഇപ്പോൾ ജനങ്ങൾക്ക് മനസ്സിലാകുന്നുണ്ട്. അഴിമതിയെ പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് ഈ ഗവൺമെന്റിനുള്ളത്. ജയിലിൽ കിടക്കുന്ന ശ്രീ. ആർ. ബാലകൃഷ്ണ പിള്ളയുടെ വിദഗ്ദ്ധ ചികിത്സ സംബന്ധിച്ച് തീരുമാനമെടുത്ത ക്യാബിനറ്റിൽ അദ്ദേഹത്തിന്റെ മകൻ അംഗമാണെന്നത് ചട്ടവിരുദ്ധവും സത്യപ്രതിജ്ഞാലം ഘനവുമാണ്. സംസ്ഥാനത്ത് ഇപ്പോൾ ഏർപ്പെടുത്തിയിരിക്കുന്ന കറണ്ട് കട്ട് ഒഴിവാക്കണം. തൃശ്ശൂർ, കുന്ദംകുളം നഗരങ്ങളിലെ ഗതാഗതക്കുരുക്കിന് പരിഹാരമുണ്ടാക്കുന്നതിനും മാലിന്യസംസ്ക്കരണ പദ്ധതികൾ ആവിഷ്ക്കരി ക്കുന്നതിനും നടപടിയുണ്ടാകണം. തൃശ്ശൂർ മെഡിക്കൽ കോളേജ് ആരോഗ്യ വകുപ്പുമന്ത്രി സന്ദർശിക്കുകയും അവിടത്തെ വികസന പ്രവർത്തനങ്ങൾ തുടരാനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണം.

ശ്രീ. എം.വി. ശ്രേയാംസ് കുമാർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഭക്ഷ്യോൽപാദനം വർദ്ധിപ്പിക്കാനാവശ്യമായ നടപടി

സ്വീകരിക്കുകയും അതിന് സമഗ്രമായ നയരൂപീകരണം നടത്തുകയും ചെയ്യണം. കർഷകരെ കൃഷിയിലേക്ക് ആകർഷിക്കാനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുകയും വായ്പ, വിത്തുകൾ, സാങ്കേതിക സഹായം, വിദ്യുച്ഛക്തി, വിപണനം തുടങ്ങിയ മേഖലകളിൽ ശ്രദ്ധ ചെലുത്തുകയും ചെയ്യണം. കർഷകർക്കാവശ്യമായ പെൻഷനനാനുകൂല്യങ്ങൾ, കുട്ടികൾക്ക് കോളേജുതലംവരെ സൗജന്യ വിദ്യാഭ്യാസം, സൗജന്യ ആരോഗ്യ പരിരക്ഷ തുടങ്ങിയ ക്ഷേമപദ്ധതികൾ ആവിഷ്ക്കരിക്കണം. കൃഷി ഓഫീസർമാർ ഗവേഷണം, ഉത്പാദനം, വിപണനം തുടങ്ങിയവ ഏകോപിപ്പിച്ചുകൊണ്ട് കൃഷി കാലോചിതമായി മുന്നോട്ടുകൊണ്ടുപോകാനാവശ്യമായ നടപടി സ്വീകരിക്കണം. അശാസ്ത്രീയമായ വളപ്രയോഗത്തിലൂടെയും കീടനാശിനി പ്രയോഗത്തിലൂടെയും മണ്ണിന്റെ ഘടനയിൽ കാതലായ മാറ്റം വന്ന സാഹചര്യത്തിൽ സംയോജിത പോഷക നിർവ്വഹണത്തെക്കുറിച്ച് ഗൗരവ മായി ആലോചിക്കണം. കാലാവസ്ഥയ്ക്കും ഭൂപ്രകൃതിക്കും യോജിച്ച കൃഷി തെരഞ്ഞെടുത്ത് നടത്തണം. ജൈവകൃഷി പ്രോൽസാഹിപ്പിക്കണം. കാർഷിക നയം രൂപീകരിക്കുമ്പോൾ കാലാവസ്ഥാ വ്യതിയാനം നേരിടുന്ന തിനെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടാകണം. കാർഷിക മേഖലയിലെ തൊഴിലാളി ദൗർലഭ്യം പരിഹരിക്കുന്നതിന് മെക്കനൈസേഷൻ നടപ്പിലാക്ക ണം. കുറച്ച് വളവും മിതമായ തോതിൽ വെള്ളവും ഉപയോഗിച്ച് ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്ന രീതിയെക്കുറിച്ച് ആലോചിക്കണം. കൂട്ടുകൃഷിയി ലൂടെ ജൈവകൃഷിയും ക്രോപ്പ് റൊട്ടേഷനും ഡ്രിപ്പ് ഇറിഗേഷനും പ്രോൽസാ ഹിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന ലഭിക്കുന്ന സബ്സിഡി പൂർണ്ണമായും ഉപയോഗിക്കുന്നതിനും ട്രഡീഷണലാ യുള്ള വിത്തുകളും ചെടികളും സംരക്ഷിക്കുന്നതിനും കഴിയണം. കൃഷി

ഓഫീസുകൾ എക്സ്റ്റൻഷൻ വർക്ക് ചെയ്യുന്ന തരത്തിൽ സെന്റർ ഓഫ് നോളജ് ആക്കി മാറ്റണം. നയരൂപീകരണത്തിലൂടെ കാർഷിക മേഖലയെ പരിപോഷിപ്പിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളുണ്ടാകണം.

ശ്രീ. എൻ. ഷംസുദ്ദീൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ നാലുമാസം കൊണ്ട് കേരളത്തിൽ എല്ലാ മേഖലയിലുമുണ്ടായിട്ടുള്ള സർക്കാരിന്റെ സജീവമായ ഇടപെടലുകൾ കാർഷിക മേഖലക്ക് പുത്തനുണർവ് നൽകിയിട്ടുണ്ട്. കാർഷിക മേഖലയിൽ ഒട്ടനവധി പരിഷ്ക്കാരങ്ങൾക്ക് തുടക്കം കുറിക്കാനും കർഷകർക്ക് പെൻഷൻ അനുവദിക്കാനും നെല്ലിന്റെ സംഭരണവില വർദ്ധിപ്പിക്കാനും സാധിച്ചു. വയനാട് മേഖലയിൽ സമഗ്ര കാർഷിക വികസന നയവുമായി ബന്ധപ്പെട്ട് നവജീവൻ പദ്ധതി ആവിഷ്ക്കരിക്കാനും വീടുകളിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. കാർഷികവൃത്തിയിലേക്ക് പുതിയ തലമുറയെ ആകർഷിക്കാനുള്ള പദ്ധതികൾ ഉണ്ടാകേണ്ടതും കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം വർദ്ധിപ്പിക്കേണ്ടതും അത്യാവശ്യമാണ്. സബ്സിഡിയും സൗജന്യങ്ങളും നൽകി കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കണം. അട്ടപ്പാടിയിലെ കാർഷിക പാക്കേജ് പ്രാവർത്തികമാക്കി പച്ചക്കറി ഉല്പാദനം കാര്യക്ഷമമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം

ശ്രീ. മുല്ലക്കര രത്നാകരൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കൃഷിവകുപ്പുമന്ത്രി കരാർ കൃഷിയേയും കോർപ്പറേറ്റുകളേയും സ്വാഗതം ചെയ്യുന്നത് നിരാശാജനകമാണ്. ഈ സർക്കാർ പരസ്യങ്ങൾക്കാണ് കൂടുതൽ പ്രാധാന്യം നൽകുന്നത്. ഇടതുപക്ഷജനാധിപത മുന്നണി സർക്കാർ നടപ്പിലാക്കിയ പദ്ധതികളുടെ ഉദ്ഘാടനമാണ് ഇപ്പോൾ നടന്നുവരുന്നത്. എല്ലാ കർഷകർക്കും പെൻഷൻ നൽകുമെന്നുള്ള മുൻ സർക്കാരിന്റെ

പ്രഖ്യാപനം നടപ്പിലാക്കണം. നെല്ലുൽപ്പാദനവും ഉൽപ്പാദനമേഖലയുടെ വിസ്തൃതിയും വർദ്ധിപ്പിക്കാനും നെല്ലിന്റെ സംഭരണവില പതിനാല് രൂപയാക്കി വർദ്ധിപ്പിക്കുന്നതിനും കൃഷിനാശത്തിന് ഹെക്ടർ ഒന്നിന് പതിനായിരം രൂപ നഷ്ടപരിഹാരം നൽകുന്നതിനും പെൻഷനും പലിശ രഹിത വായ്പയും ലഭ്യമാക്കുന്നതിനും എൽ. ഡി. എഫ്. സർക്കാരിന് കഴിഞ്ഞിരുന്നു. കർഷകരുടെ കൂട്ട ആത്മഹത്യ തടയാനും അവരെ ജീവിത ത്തിലേക്ക് തിരിച്ചുകൊണ്ടുവരാനും സാധിച്ചു. രാസവളത്തിന്റെ വിലവർദ്ധ നയ്ക്ക് പരിഹാരം കാണണം. ഉൽപ്പാദനച്ചെലവുമായി ബന്ധപ്പെടുത്തി നെല്ലിന്റെ വില വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. മുൻ സർക്കാർ കർഷകർക്കുവേണ്ടി ആനയറയിൽ നിർമ്മിച്ച കർഷക ഭവൻ തുറന്നുപ്രവർത്തിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ജൈവകൃഷി സമ്പ്രദായം നടപ്പിലാക്കി കൃഷിയും മണ്ണും സംരക്ഷിക്കണം. ജൈവകൃഷി യിലൂടെയുണ്ടാകുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള സംവിധാനം ശക്തിപ്പെടുത്തണം. ഓർഗാനിക് അല്ലാത്ത ഉൽപ്പന്നങ്ങൾ പരിശോധിക്കാനുള്ള ലാബ് സൗകര്യങ്ങൾ സജ്ജമാക്കുകയും അത്തരം കാര്യങ്ങളെക്കുറിച്ച് കർഷകരെ ബോധവൽക്കരിക്കാൻ നടപടി സ്വീകരിക്കുകയും വേണം. കുട്ടനാട് പാക്കേജ് കൃത്യമായി മോണിറ്റർ ചെയ്യുന്നതിന് സാങ്കേതിക വിദഗ്ധരുടേയും കൃഷി വകുപ്പിലെ എക്സ്പെർട്ടുകളുടേയും സേവനം ലഭ്യമാക്കണം. ഇടുക്കി പാക്കേജിലെ 250 കോടി രൂപയുടെ വിലസ്ഥിരതാ ഫണ്ട് കേന്ദ്ര സർക്കാരിൽനിന്ന് ലഭ്യമാകാൻ താമസം നേരിടുന്നപക്ഷം അത് സംസ്ഥാനത്തിനകത്തുനിന്ന് കണ്ടെത്തി കർഷകരെ സംരക്ഷിക്കണം.

<u>ശ്രീ. വി.ഡി. സതീശൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഭക്ഷ്യോത്പാദനം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയേയും കർഷകരെ സഹായിക്കേണ്ടതിനെയും കുറിച്ച് മുൻകൂട്ടി ധാരണയുണ്ടായിരുന്നതു കൊണ്ടാണ് രാജ്യത്ത് കഴിഞ്ഞ വർഷം റെക്കോർഡ് വിളവെടുപ്പുണ്ടാക്കാൻ സാധിച്ചത്. 1970-ൽ കേരളത്തിൽ 12.5 ലക്ഷം ഹെക്ടർ സ്ഥലത്ത് നെൽക്കൃഷി ഉണ്ടായിരുന്നത് ഇപ്പോൾ 240000 ഹെക്ടറായി ചുരുങ്ങിയിരിക്കുന്നു. കാർഷികോൽപ്പന്നങ്ങൾക്ക് നല്ല വില ലഭ്യമാക്കുന്നതോടൊപ്പം സമഗ്രമായ കാർഷികനയം നടപ്പാക്കി കർഷകർ ചൂഷണത്തിന് വിധേയരാകുന്നത് തടയുകയും വേണം. 1963-ലെ ഭൂപരിഷ്ക്കരണ നിയമം കാലോചിതമായി പരിഷ്കരിക്കണം. എവിടെ, എങ്ങനെ, ഏതെല്ലാം തരത്തിൽ കൃഷി ചെയ്യാൻ കഴിയുമെന്നതിനെക്കുറിച്ച് ഒരു കാർഷിക ഭൂപടം തയ്യാറാക്കണം. ഉത്പാദനശേഷിയുള്ള വിത്തുകൾ കർഷകന് ലഭ്യമാക്കുന്നതിന് സംസ്ഥാനത്ത് സീഡ് ബാങ്കുകൾ സ്ഥാപിക്കണം. സംസ്ഥാനത്തെ ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കണം. ആധുനിക യന്ത്രങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള വിളപരിപാലന രീതികളിൽ കർഷകർക്ക് പരിശീലനം നൽകണം. എൻഡോസൾഫാൻ ഉൾപ്പെടെയുള്ള കീടനാശിനികൾ നിർമ്മാർജ്ജനം ചെയ്യുന്നതോടൊപ്പം അവയ്ക്ക് പകരമായി ജൈവ കീടനാശിനികൾ കണ്ടെത്തുകയും വേണം. കാർഷിക ഉപകരണങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുകയും കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുകയും വേണം. നാണ്യവിളകൾ, നാളികേരം, നെല്ല് തുടങ്ങിയ പ്രധാനപ്പെട്ട ഉൽപ്പന്നങ്ങൾക്ക് ന്യായമായ സംഭരണവിലയും തറവിലയും

ഉറപ്പുവരുത്തണം. കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തി കർഷകന് പ്രയോജനകരമായ ഗവേഷണങ്ങൾ നടത്തുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിക്കണം. സംസ്ഥാനത്ത് നാളികേര കൃഷി ഗണ്യമായ തോതിൽ കുറയുന്നതിന് പരിഹാര നടപടികൾ നിർദ്ദേശിക്കണം. കോഫി ബോർഡിനേയും ടീ ബോർഡിനേയും കൃഷി വകുപ്പിന്റെ കീഴിൽ കൊണ്ടുവരുന്നതിനും ഹോർട്ടിക്കൾച്ചർ ബോർഡുണ്ടാക്കുന്നതിനും നടപടി സ്വീകരിക്കണം. ക്ഷീരവികസനവും മത്സ്യബന്ധനവും സമഗ്രമായ കാർഷിക നയവുമായി ബന്ധിപ്പിക്കുന്നതിനുമുള്ള സമീപനം സ്വീകരിക്കണം. കുറഞ്ഞ പലിശയ്ക്ക് കർഷകർക്ക് വായ്പ ലഭ്യമാക്കണം. കുട്ടനാട്-ഇടുക്കി പാക്കേജുകൾ സമയബന്ധിതമായി പൂർത്തീകരിക്കണം. കൃഷിയുമായി ബന്ധപ്പെട്ട കോർപ്പറേഷനുകളെ ഓഡിറ്റിംഗിന് വിധേയമാക്കണം.

<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വിജിലൻസ് വകുപ്പിനെ രാഷ്ട്രീയവൽക്കരിക്കുന്ന നടപടി അപഹാസ്യമാണ്. രാസവളത്തിന്റെ വിലവർദ്ധനവുമൂലം കാർഷികോൽപാദന ചെലവ് അനുദിനം വർദ്ധിക്കുന്നത് തടയാൻ നടപടി സ്വീകരിക്കണം. നബാർഡ് മുഖാന്തിരം കാർഷിക വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം. കാർഷിക മേഖല പുഷ്ടിപ്പെടുത്തുന്നതിന് സഹകരണ പ്രസ്ഥാനവും ബാങ്കിംഗ് മേഖലയും ഒരുമിച്ച് കൊണ്ടുപോകണം. നബാർഡിൽനിന്ന് കാർഷിക വായ്പ ലഭ്യമാക്കി കടക്കെണിയിൽനിന്നും കൃഷിക്കാരനെ രക്ഷിക്കാൻ സാധിക്കണം. പാലോട്

വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്ന സ്ഥലത്ത് ഒരു ഗവൺമെന്റ് വെറ്ററിനറി കോളേജ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : വിജിലൻസിൽ ഒരു അഡീഷണൽ പ്രോസിക്യൂഷൻ ഡയറക്ടറെ നിയമിച്ചതിനെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. വിവിധ കോടതികളിലായി നിലവിലുള്ള 1312 കേസുകൾ കൈകാര്യം ചെയ്യുന്നതിന് ലീഗൽ അഡ്വൈസറുടെ കീഴിൽ നിരവധി അസിസ്റ്റന്റ് ലീഗൽ അഡ്വൈസർമാരുണ്ട്. ഇവരെ കോ-ഓർഡിനേറ്റ് ചെയ്യാൻവേണ്ടിയാണ് അഡീഷണൽ ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻസ് ആയി വിജിലൻസിന്റെ ഒരു ഉദ്യോഗസ്ഥനെ നിയമിച്ചത്. വിജിലൻസ് കേസ്സുകളിൽ 20 കൊല്ലക്കാലം പരിചയമുള്ള ഒരു വ്യക്തിയെയാണ് അതിനുവേണ്ടി തെരഞ്ഞെടുത്തിട്ടുള്ളത്. സംസ്ഥാന താല്പര്യം പ്രൊട്ടക്ട് ചെയ്യാനും കേസ്സുകൾ നീണ്ടുപോകുന്നത് ഒഴിവാക്കുന്നതിനും ഇത് ആവശ്യമാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : കർഷകരെ സഹായിക്കാൻ വേണ്ടിയുള്ള പുതിയ പദ്ധതികൾക്ക് എല്ലാവരുടെയും സഹകരണം ആവശ്യമാണ്. മണ്ണന്തല പ്രസ്സിലേക്ക് വാങ്ങിയ മെഷീന് സ്വിച്ച് ബോർഡ് വാങ്ങാത്തതു കാരണം ഒന്നരവർഷമായി പ്രവർത്തിക്കാതിരുന്നത് അടുത്ത ദിവസമാണ് ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചത്. മാലിന്യമുക്ത കേരളം പദ്ധതി പ്രാവർത്തികമാക്കാൻ സാധിക്കണം. കാർഷിക മേഖലയിൽ വിത്തുമുതൽ വിപണനം വരെയുള്ള രംഗത്ത് പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടുള്ള കൃഷിരീതിയും ജൈവകൃഷിയും യന്ത്രവത്കരണവും ആവശ്യ

മാണ്. കർഷകനും പഞ്ചായത്തുമായുള്ള ബന്ധം ഊട്ടിയുറപ്പിക്കുവാൻ കിസാൻ പഞ്ചായത്ത് എന്ന ആശയം നടപ്പാക്കും. കൃഷിഭവൻ സ്ട്രെങ്ത്തൻ ചെയ്യാനും കൃഷി ഓഫീസിലും കൃഷിയിടങ്ങളിലും ഓഫീസറുടെ സജീവ സാന്നിദ്ധ്യം ഉണ്ടാകുന്നതിനും നടപടി സ്വീകരിക്കും. ചെറുകിട കൃഷിക്കാരുമായി കൃഷി വകുപ്പ് കരാറിൽ ഏർപ്പെട്ട് സ്വാശ്രയ സംഘങ്ങൾ, കുടുംബശ്രീ തുടങ്ങിയ സംഘങ്ങളെ ഉപയോഗിച്ച് കരാർ കൃഷി നടപ്പിലാക്കുന്നതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 8000 ഹെക്ടർ സ്ഥലത്ത് കൂടുതലായി കൃഷി ചെയ്യാൻ സാധിച്ചു. 60 വയസ്സുകഴിഞ്ഞ എല്ലാ കർഷകർക്കും 300 രൂപ പെൻഷൻ നല്കാൻ തീരുമാനിച്ചു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഉദ്ഘാടനം കഴിഞ്ഞ ആനയറ കൃഷിഭവനിൽ വൈദ്യുതി നൽകുകയും അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ടൂറിസം രംഗത്ത് അഗ്രി ടൂറിസം പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. കുട്ടനാട് പാക്കേജിനെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അറിവ് നൽകുന്നതിനായി പുതിയ എഫ്.എം. റേഡിയോ തുടങ്ങാൻ ആഗ്രഹിക്കുന്നു. പ്രോസ്പിരിട്ടി കൗൺസിലിന്റേയും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പുതുതായി രൂപീകരിക്കുന്ന മോണിട്ടറിംഗ് കമ്മിറ്റിയുടേയും സഹായത്തോടെ പ്രസ്തുത പാക്കേജ് സുതാര്യമായും സത്യസന്ധമായും നടപ്പാക്കുന്നതാണ്. മലപ്പുറം-തൃശ്ശൂർ ജില്ലകളിലെ കോൾ മേഖലയ്ക്കായി 800 കോടി രൂപയുടെ പാക്കേജ് കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുണ്ട്. കൂടുതൽ രാസവളം നൽകാമെന്ന് കേന്ദ്രം സമ്മതിച്ചിട്ടുണ്ട്. എഫ്.എ.സി.ടി.-യിൽ ഉല്പാദിപ്പിക്കുന്ന വളം മറിച്ചു വിറ്റു എന്ന ആരോപണത്തെക്കുറിച്ച് പരിശോധിക്കുന്നതാണ്. ഹൈറേഞ്ച് മാർക്കറ്റിംഗ് സൊസൈറ്റിവഴി നെല്ല് സംഭരിച്ച് അരിയാക്കുന്നതിന് നടപടി

സ്വീകരിച്ചിട്ടുണ്ട്. പുതിയ ക്ലസ്റ്ററുകൾ ആരംഭിച്ച് കൃഷി വകുപ്പിന്റെ കീഴിൽ തരിശായി കിടക്കുന്ന ഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. കാസർകോട് ജില്ലയിലെ അടയ്ക്ക കർഷകർക്ക് പ്രത്യേക പാക്കേജ് നടപ്പാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അട്ടപ്പാടി സമഗ്ര വികസനത്തിനായുള്ള പ്രാഥമിക റിപ്പോർട്ട് കേന്ദ്രത്തിൽ സമർപ്പിക്കുകയും കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് വകുപ്പുകളുമായി യോജിച്ച് പദ്ധതി നടപ്പാക്കാനുമാണ് ഉദ്ദേശിക്കുന്നത്. ഇടുക്കി പാക്കേജ് നടപ്പിലാക്കുന്നത് സംബന്ധിച്ച നടപടികളുമായി മുന്നോട്ടുപോകുന്നു. വിളവെടുത്ത ഏലം മൂന്നുമാസക്കാലം യാതൊരു ചെലവുംകൂടാതെ വെയർഹൗസുകളിൽ സൂക്ഷിക്കുവാൻ വേണ്ട സഹായം ചെയ്തുകൊടുത്തിട്ടുണ്ട്. കേന്ദ്ര അനുമതി ലഭിക്കുന്ന മുറയ്ക്ക് ഏലത്തിന്റെ വിലസ്ഥിരതാ ഫണ്ട് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കേരളത്തിന്റെ തനതായ ബ്രീഡുകളും ഉൽപാദനശേഷി കൂടുതലുള്ളതുമായ പശുക്കളെ ഉൽപാദിപ്പിക്കുന്നതിനുള്ള സമഗ്രമായ ഒരു പദ്ധതിക്ക് രൂപം നൽകിവരികയാണ്. വർഷങ്ങളായി പൂട്ടിക്കിടന്നിരുന്ന കോഴിക്കോട് കാലിത്തീറ്റ ഗോഡൗൺ പുനരുദ്ധരിക്കുന്നതാണ്. അത്യന്താധുനിക രീതിയിലുള്ള മാളുകൾ നിർമ്മിച്ച് കാർഷികോൽപ്പന്നങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഇരുഭാഗത്തുനിന്നുമുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് മൃഗസംരക്ഷണ രംഗത്ത് കൂടുതൽ പ്രവർത്തനങ്ങൾ നടത്തുന്നതാണ്. കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനങ്ങളിൽ നിലനിൽക്കുന്ന പോരായ്മകൾ പരിഹരിക്കുന്നതാണ്. പൈനാപ്പിൾ സംസ്കരണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തും. നെൽ കർഷകരുടെ ഉൽപാദക ബോണസ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കും. തൃശ്ശൂർ കോൾ നിലങ്ങളിൽ പമ്പിംഗ്

സബ്സിഡി വർദ്ധിപ്പിക്കുന്നതും പാഡി ബോർഡ് രൂപീകരിക്കുന്നതും സംബന്ധിച്ച് പരിശോധിക്കുന്നതാണ്. ആവശ്യമായ ചർച്ചകളിലൂടെ സമഗ്ര വിള ഇൻഷ്വറൻസ് പദ്ധതി രൂപീകരിക്കുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കി ത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയും 64-നെതിരെ 72 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.00-ന് പിരിഞ്ഞു.

@@@@@@@@@@@@@@